# യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം

സത്യത്തിൽ ഞാൻ സ്നേഹിക്കുന്ന എൻെറ
സ്നേഹിതൻ ഗായൊസിന് മൂപ്പൻ എഴുതു
ന്നത്.

2എൻെറ പ്രിയ സ്നേഹിതാ, നിൻെറ ആത്മാ
വിനും സുഖം എന്ന് എനിക്കറിയാം. നാനാവിധ
ത്തിലും നീ സുഖമുള്ളവനാകട്ടെ എന്നു ഞാൻ
പ്രാർത്ഥിക്കുന്നു. 3ക്രിസ്തുവിൽ സഹോദര
രായ ചിലർ എൻെറ അടുത്തുവരികയും
നിൻെറ സത്യത്തോടുള്ള നിറഞ്ഞ വിശ്വാസ
ത്തെക്കുറിച്ച് എന്നോടു പറയുകയും ചെയ്തു.
നീ നിരന്തരം സത്യത്തിൻെറ പാത പിന്തുടരു
ന്നെന്നും അവർ എന്നോടു പറഞ്ഞു. അതെന്നെ
വളരെ സന്തോഷവാനാക്കി. 4എൻെറ മക്കൾ
സത്യത്തിൻെറ പാത പിന്തുടരുന്നു എന്നു കേൾ
ക്കുന്നത് എനിക്ക് എപ്പോഴും അത്യാനന്ദം പക
രുന്നു.

5എൻെറ പ്രിയ സ്നേഹിതാ, ക്രിസ്തുവി
ലുള്ള സഹോദരരെ നീ സഹായിക്കുന്നത് നല്ല
താണ്. നിനക്കറിയാൻ പാടില്ലാത്തവരെപ്പോ
ലും നീ സഹായിക്കുന്നു. 6നിൻെറ സ്നേഹ
ത്തെപ്പറ്റി ഈ സഹോദരൻ സഭയോടു പറ
ഞ്ഞിട്ടുണ്ട്. അവരുടെ യാത്ര തുടരുവാൻ ദയ
വായി സഹായിക്കുക. ദൈവത്തെ പ്രീതിപ്പെടു
ത്തുംവിധം അവരെ സഹായിക്കുക. 7ക്രിസ്തു
വിനു വേണ്ടി വേല ചെയ്യുവാനാണ് അവർ
ഇറങ്ങിത്തിരിച്ചിട്ടുള്ളത്. അവിശ്വാസികളിൽ
നിന്നു യാതൊരു സഹായവും അവർ സ്വീകരി
ച്ചില്ല. 8അതുകൊണ്ട് നമ്മൾ അവരെ സഹായി
ക്കണം. നാം അവരെ സഹായിക്കുമ്പോൾ, സത്യ
ത്തിനുവേണ്ടിയുള്ള അവരുടെ വേലയിൽ നാം
പങ്കാളികളാകുന്നു.

9ഞാൻ സഭയ്ക്ക് ഒരു കത്ത് എഴുതിയിരുന്നു.
പക്ഷേ ദിയൊത്രെഫേസ് നാം പറയുന്നത്
ശ്രദ്ധിക്കുകയില്ല. അവൻ അവരുടെ നേതാവാ
കുവാൻ എപ്പോഴും ആഗ്രഹിക്കുന്നു. 10ഞാൻ
വരുമ്പോൾ ദിയൊത്രെഫേസിൻെറ പ്രവൃത്തി
കൾ നിൻെറ ശ്രദ്ധയിൽപ്പെടുത്താം. അവൻ
കള്ളം പറയുകയും ദുഷ്ടവാക്കുകൾ കൊണ്ടു
നമ്മുടെ പേരിൽ കുറ്റമാരോപിക്കുകയും ചെയ്യു
ന്നു. എന്നാൽ അതു മാത്രമല്ല അവൻ ചെയ്യു
ന്നത്. കർത്താവിനുവേണ്ടി പണിയെടുക്കുന്ന
വരെ അവൻ സഹായിക്കുന്നുമില്ല. സഹായി
ക്കാൻ ആഗ്രഹിക്കുന്നവരേയും ദിയൊത്രഫേസ്
തടയുന്നു. ഉറച്ചവിശ്വാസികളെ സഭയ്ക്കു
പുറത്താക്കാൻ പോലും അവൻ ശ്രമിക്കുന്നു.

11പ്രിയ സുഹൃത്തേ, തെറ്റായതിനെ പിന്തുടര
രുത്. നല്ലതിനെ പിന്തുടരുക. നല്ലതു ചെയ്യുന്ന
വൻ ദൈവത്തിൽനിന്നും ഉള്ളവനാണ്. തിന്മ
ചെയ്യുന്നവൻ ദൈവത്തെ ഒരിക്കലും അറിഞ്ഞി
ട്ടില്ല. 12ജനമെല്ലാം ദെമേത്രിയൊസിനെപ്പറ്റി
നല്ലതു പറയുന്നു. അവർ പറയുന്നതാകട്ടെ
സത്യത്തിനു നിരക്കുന്നതുമാകുന്നു. ഞങ്ങളും
അവനെക്കുറിച്ച് നല്ലതു പറയുന്നു. ഞങ്ങൾ
പറയുന്നത് സത്യമാണെന്ന് നിങ്ങൾക്കറിയു
കയും ചെയ്യാം.

13എനിക്കു നിരവധി കാര്യങ്ങളെപ്പറ്റി പറയു
വാനുണ്ട്. പക്ഷേ പേനയും മഷിയും ഉപയോ
ഗിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. 14നിങ്ങ
ളെ ഉടൻ സന്ദർശിക്കാമെന്നു ഞാൻ പ്രത്യാശി
ക്കുന്നു. അപ്പോൾ നമുക്ക് ഒത്തുകൂടി സംസാരി
ക്കാം. 15നിനക്കു സമാധാനം. ഇവിടെ എന്നോ
ടൊപ്പമുള്ള സുഹൃത്തുക്കൾ (വിശ്വാസികൾ)
സ്നേഹാന്വേഷണം അറിയിക്കുന്നു. നമ്മുടെ
എല്ലാ സുഹൃത്തുക്കളെയും പേരു വിളിച്ചു അഭി
വാദനം അറിയിക്കുക.